**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **20-01-2021 - ൽ മറുപടിയ്ക്ക്**

**തീവ്ര കോവിഡ്-19 വൈറസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തീവ്ര കോവിഡ്-19 വൈറസ് വകഭേദം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ട്; വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | ബ്രിട്ടനിൽ നിന്നും കേരളത്തിലേയ്ക്ക് തിരിച്ച് എത്തിയ 9 പേരിലാണ് ജനിതകമാറ്റം വന്ന രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. നിലവിൽ 14.01.2021 വരെ കോട്ടയം ജില്ലയിൽ ഒരാൾക്കും, കോഴിക്കോട് ജില്ലയിൽ രണ്ടു പേർക്കും, ആലപ്പുഴ ജില്ലയിൽ രണ്ടു പേർക്കും, കണ്ണൂർ ജില്ലയിൽ മൂന്നുപേർക്കും, പത്തനംതിട്ട ജില്ലയിൽ ഒരാൾക്കുമാണ് UK variant ആയിട്ടുള്ള വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്. |
| (ബി) | പുതിയ വൈറസ് വകഭേദത്തെ നേരിടാൻ സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | ജനിതകമാറ്റം വന്ന കോവിഡ് 19 വൈറസ് ബാധ തടയുന്നതിന് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയതിന്റെ ഭാഗമായി എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 4 ഇന്റർനാഷണൽ എയർപോർട്ടുകൾ കേന്ദ്രീകരിച്ചും കിയോസ്കുകൾ ആരംഭിച്ചു. U.K ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വരുന്നവരുടെ RTPCR കോവിഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗ-നിർദ്ദേശങ്ങൾക്കനുസൃതമായി വിദേശത്തുനിന്നും എത്തിച്ചേരുന്ന ആളുകൾ www.newdelhiairport.in എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും, RTPCR പരിശോധിച്ച് നെഗറ്റീവ് ആണെന്ന റിസൾട്ട് പ്രസ്തുത സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കുകയും വേണം. എന്നിരുന്നാലും ഇവിടെ എത്തിച്ചേരുന്ന യാത്രക്കാരെ വിമാനത്താവളത്തിൽ വച്ച് വീണ്ടും RTPCRപരിശോധനയ്ക്ക് വിധേയമാക്കുകയും നെഗറ്റീവ് ആവുന്നവരെ 14 ദിവസം കൃത്യമായ ക്വാറന്റൈൻ നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്നു. RTPCR പോസിറ്റീവ് ആകുന്നവരെ ജില്ലയിലെ സ്പെഷ്യാലിറ്റി കോവിഡ് ആശുപത്രികളിൽ single room isolation |

| | | | |
|---|---|---|---|
| | | | -ൽ പാർപ്പിക്കുകയും, ആവശ്യമായ ചികിത്സ നൽകുകയുമാണ് ചെയ്യുന്നത്. RTPCR പോസിറ്റീവ് ആകുന്നവരുടെ സാമ്പിളുകൾ NIV പൂനെയിൽ WGS പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ